ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:28.08.2026**

## പ്രധാനവാർത്തകൾ

1. കഴിഞ്ഞ 12 വർഷത്തിനിടെ സാമ്പത്തിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ജൻ ധൻ യോജനയ്ക്ക് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. സംസ്ഥാനത്ത് ഓണം വാരാഘോഷത്തിന് മറ്റന്നാൾ സമാപനമാകും. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ മുഖ്യാതിഥിയാകും.

3. നവോത്ഥാനനായകന്മാരായ ശ്രീനാരായണ ഗുരുവിന്റേയും മഹാത്മാ അയ്യൻകാളിയുടെയും ജയന്തി ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ. സംസ്ഥാനത്തെങ്ങും വിപുലമായ ആഘോഷ പരിപാടികൾ.

4. ഉത്സവ, ശബരിമല സീസണുകളിൽ കൃത്രിമ വിലക്കയറ്റം തടയുന്നതിന് ശക്തമായ വിപണി ഇടപെടൽ നടത്തുമെന്ന് മന്ത്രി ടി സിദ്ദിഖ്.

RNU TVPM

5. നേപ്പാളിൽ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 547 ആയി. ദുരിതാശ്വാസ സാമഗ്രികളുമായി മൂന്നാം വിമാനം ഇന്ന് നേപ്പാളിലേക്ക്.

6. ഏഷ്യകപ്പ് വനിതാ ട്വൻറി -20 ക്രിക്കറ്റ് മത്സരങ്ങൾക്ക് ഇന്ന് ദുബായിൽ തുടക്കം.

&&&&&&&&&&&&&&&&&&&&

<u>പി എം-ജൻധൻയോജന</u>

കഴിഞ്ഞ 12 വർഷത്തിനിടെ സാമ്പത്തിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ജൻ ധൻ യോജന'യ്ക്ക് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി . പദ്ധതിക്ക് കീഴിൽ ഇതുവരെ 59 കോടിയിലധികം അക്കൗണ്ടുകൾ ആരംഭിച്ചതായും ആകെ 3.17 ലക്ഷം കോടി രൂപയുടെ നിക്ഷേപം നടന്നതായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു . 2014 ൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് പദ്ധതിക്ക് തുടക്കമിട്ടത് .

RNU TVPM

&&&&&&&&&&&&&&&&&&&&

<u>ഉപരാഷ്ട്രപതി -കേരളം</u>

സംസ്ഥാനത്ത് ഓണം വാരാഘോഷത്തിന് മറ്റന്നാൾ സമാപനമാകും. തിരുവനന്തപുരത്ത് നടക്കുന്ന സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ മുഖ്യാതിഥിയാകും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഗതാഗതക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരിപാടിയോടനുബന്ധിച്ച് നഗരത്തിൽ സുരക്ഷയും ശക്തമാക്കി.

&&&&&&&&&&&&&&&&&&&

**പുലിക്കളി**

തൃശൂരിൽ ഓണാഘോഷത്തിൻറെ ഭാഗമായുള്ള പ്രസിദ്ധമായ പുലിക്കളി ആഘോഷം നാളെ. പുലിക്കളിയോട് അനുബന്ധിച്ച് തൃശൂർ താലൂക്ക് പരിധിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും നാളെ ഉച്ചയ്ക്ക് ശേഷം പ്രാദേശിക അവധി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&

**മഹാത്മാ അയ്യൻകാളി**

നവോത്ഥാനനായകന്മാരായ ശ്രീനാരായണ ഗുരുവിന്റേയും മഹാത്മാ അയ്യൻകാളിയുടെയും ജയന്തി ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ ഉൾപ്പെടെയുള്ളവർ. ജയന്തി ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെങ്ങും വിപുലമായ ആഘോഷ പരിപാടികളാണ് സംഘടിപ്പിച്ചിരുന്നത്. അയ്യൻകാളി ജയന്തിയോടനുബന്ധിച്ച് തിരുവനന്തപുരം പാങ്ങോട് നടന്ന ചടങ്ങിൽ മന്ത്രി കെ.മുരളീധരൻ പങ്കെടുത്തു. സംസ്കൃതി ഭവനിൽ നടന്ന പരിപാടിയിൽ മന്ത്രി സി.പി.ജോൺ മുഖ്യാതിഥിയായി. വെങ്ങാനൂരിലെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും അനുസ്മരണവും നടന്നു.

RNU TVPM

&&&&&&&&&&&&&&&&&&&&

**അയ്യങ്കാളി -മുഖ്യമന്ത്രി (ഇൻട്രോ)**

അനീതിക്കെതിരെ പോരാടിയ മഹാനായിരുന്നു മഹാത്മാ അയ്യങ്കാളിയെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

മഹാത്മാ അയ്യങ്കാളിയുടെ 163 മത് ജയന്തി ആഘോഷ ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മഹാത്മാ അയ്യങ്കാളിയുടെ സമരപോരാട്ടങ്ങൾ അധസ്ഥിത ജനവിഭാഗങ്ങളുടെ ഉന്നമനത്തിൽ പ്രധാന പങ്ക് വഹിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്- വോയിസ് -മുഖ ്യമന്ത്രി)

&&&&&&&&&&&&&&&&&&&&

## ഗുരു ജയന്തി

ശ്രീനാരായണ ഗുരുവിൻറെ 172-ാമത് ജയന്തി സമ്മേളനം വർക്കല ശിവഗിരിയിൽ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ശ്രീനാരായണ ധർമ്മചർച്ചാ സമ്മേളനം മന്ത്രി എം. ലിജു ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ശ്രീകാര്യം ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിൽ നടക്കുന്ന പുഷ്പാർച്ചനയും സാംസ്കാരിക സമ്മേളനവും മുഖ്യമന്ത്രി വി.ഡി.സതീശൻ അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും.

RNU TVPM

&&&&&&&&&&&&&&&&&&&&

## ടി സിദ്ദിഖ്

ഉത്സവ, ശബരിമല സീസണുകളിൽ പച്ചക്കറികളുടെയും മറ്റ് അവശ്യസാധനങ്ങളുടെയും കൃത്രിമ വിലക്കയറ്റവും ഇടനിലക്കാരുടെ ചൂഷണവും തടയുന്നതിന് കൃഷിവകുപ്പ് ശക്തമായ വിപണി ഇടപെടൽ നടത്തുമെന്ന് മന്ത്രി ടി സിദ്ദിഖ്. കോഴിക്കോട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നാളികേര ഉത്പാദനത്തിൽ സംസ്ഥാനത്തെ മുൻനിരയിൽ തിരിച്ചെത്തിക്കാനുള്ള സമഗ്ര നാളികേര

പുനരുജ്ജീവന പദ്ധതിക്ക് രൂപം നൽകുമെന്നും മന്ത്രി അറിയിച്ചു. ഓണചന്തകളിലൂടെ 8.98 കോടി രൂപയുടെ വിറ്റുവരവു ഉണ്ടായതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' മറ്റന്നാൾ. പരിപാടിയുടെ 137-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും.

RJU TVPM

&&&&&&&&&&&&&&&&&&&&

## നേപ്പാൾ പ്രളയം

നേപ്പാളിൽ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 547 ആയി. ആയിരത്തി അഞ്ഞൂറിലേറെ പേരെ ഇനിയും കണ്ടെത്താനുണ്ട്. ഇവർക്കായി തിരച്ചിൽ തുടരുകയാണ്. അതേസമയം ചൈനയിലെ സിചുവാൻ പ്രവിശ്യയിൽ 5.1 തീവ്രതയുള്ള ഭൂചലനം ഉണ്ടായതിനെ തുടർന്ന് നേപ്പാളിൽ വീണ്ടും പ്രളയം ഉണ്ടാകാൻ സാധ്യതയുള്ളതായി മുന്നറിയിപ്പുണ്ട്. മിന്നൽ പ്രളയം സംഭവിച്ച മേഖലയിലുള്ള 320 ഇന്ത്യക്കാരെ ബന്ധപ്പെടാൻ സാധിച്ചിട്ടില്ലെന്ന് ഇന്ത്യൻ വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ അറിയിച്ചു. ത്രിശൂലി ജലവൈദ്യുത പദ്ധതിയിൽ തൊഴിൽ ചെയ്യുന്ന 63 ഇന്ത്യക്കാരെ രക്ഷപെടുത്താൻ സാധിച്ചിട്ടുണ്ട്. നേപ്പാളിലേക്ക് അവശ്യസാധനങ്ങളുമായി മൂന്നാമതൊരു വിമാനം കൂടി ഇന്ന് പുറപ്പെടുമെന്നും ശ്രീ

ജയ്സ്വാൾ അറിയിച്ചു. അതിനിടെ നേപ്പാളിൽ നിന്ന് ഇന്ത്യയിലെത്തിച്ചേർന്ന തമിഴ്നാട് സ്വദേശികളായ 21 തീർത്ഥാടകരുമായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&&

**നോർക്കാ റൂട്ട്സ് (ഇൻട്രോ)**

നേപ്പാളിൽ കുടുങ്ങിയതായി സംശയിക്കുന്നവരിൽ അറുപതു പേരുടെ വിവരങ്ങൾ ലഭ്യമായതായി നോർക്കാ റൂട്ട്സ് അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം. പള്ളുരുത്തി....**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&&&&&

**ഏഷ്യകപ്പ്**

ഏഷ്യകപ്പ് വനിതാ ട്വൻറി -20 ക്രിക്കറ്റ് മത്സരങ്ങൾക്ക് ഇന്ന് ദുബായ് യിൽ തുടക്കമാകും. മറ്റന്നാൾ തായ്ലൻറിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

&&&&&&&&&&&&&&&&&&&&

**കന്നേറ്റി ജലോത്സവം**

86 -ാമത് ശ്രീ നാരായണ ട്രോഫി കന്നേറ്റി ജലോത്സവം മന്ത്രി P.C. വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യു. ലോകത്തിനുമുന്നിൽ കേരളത്തെ മനോഹരമായി അവതരിപ്പിക്കുന്ന അവസരമാണ് ഓണമെന്നും, കന്നേറ്റി ജലോത്സവത്തിന് വിനോദസഞ്ചാര

വകുപ്പ് ഈ വർഷം മുതൽ 10 ലക്ഷം രൂപ നൽകുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

**ശബരിമല**

ഓണം പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട രാത്രി 10 ന് അടയ്ക്കും. കന്നിമാസ പൂജയ്ക്കായി അടുത്ത മാസം 16 ന് വൈകിട്ട് അഞ്ചിനു നട തുറക്കും.

&&&&&&&&&&&&&&&&&&&&

**ഓഹരി**

രാജ്യത്തെ ഓഹരി വിപണകളിൽ നേട്ടം. സെൻസെകസ് 330 പോയിൻറ് ഉയർന്ന് 77,265 ലും നിഫ്റ്റി 84 പോയിന്റ് ഉയർന്ന് 24,176 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണവില ഉയർന്നു. ഗ്രാമിന് 14,770 രൂപയും പവന് ഒരു ലക്ഷത്തി 18,160 രൂപയുമാണ് ഇന്നത്തെ വില .

RNU TVPM

&&&&&&&&&&&&&&&&&&&&

**മലങ്കര സഭ**

മലങ്കരസഭയ്ക്ക് നാല് പുതിയ മെത്രാപ്പോലീത്താമാരെ കൂടി തെരഞ്ഞെടുത്തു. മുളന്തുരുത്തി സെന്റ് ഗ്രീഗോറിയോസ് നഗറിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വോട്ടിംഗിലൂടെയാണ് പുതിയ മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുത്തത്. ഫാ.എൽദോസ് എ.എ, ഫാ.സാംജി.റ്റി.ജോർജ്, ഫാ.ഷിബു വേണാട് മത്തായി,

ഫാ.തോമസ് പോൾ റമ്പാൻ, എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്.

&&&&&&&&&&&&&&&&&&&&

<u>ഉതൃട്ടാതി ജലോത്സവം</u>

ചരിത്രപ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി ജലോത്സവം മറ്റന്നാൾ പമ്പാ നദിയിൽ നടക്കും. ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. 51 പള്ളിയോടങ്ങൾ പങ്കെടുക്കും. ജല ഘോഷയാത്രയ്ക്കുശേഷം വള്ളംകളി മത്സരം നടക്കും. മന്ത്രിമാരായ രമേശ് ചെന്നിത്തല, മോൻസ് ജോസഫ് തുടങ്ങിയവർ പങ്കെടുക്കും. ജലോത്സവത്തിന് എത്തിച്ചേരുന്ന വാഹനങ്ങൾക്കായി പാർക്കിംഗ് ഗ്രൗണ്ടുകൾ ക്രമീകരിച്ചതായി ആറന്മുള പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&
&&&

RNU TVPM